പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5046 — 04.07.2012 - ൽ മറുപടിക്ക്

## കോട്ടയം ജില്ലയിൽ കസ്റ്റഡിയിലുള്ള വാഹനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കോട്ടയം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ കുറ്റകൃത്യത്തിന് പിടിയ്ക്കപ്പെട്ട എത്ര വാഹനങ്ങൾ സൂക്ഷിച്ചിട്ടുണ്ട് ; | (എ) 633 വാഹനങ്ങൾ |
| (ബി) ഈ രീതിയിൽ സൂക്ഷിക്കുന്ന വാഹനങ്ങളിൽ 10 വർഷത്തിന് മുമ്പും 5 മുതൽ 10 വരെ വർഷങ്ങൾക്കുള്ളിലും പിടിക്കപ്പെട്ട വാഹനങ്ങളുടെ എണ്ണം വ്യക്തമാക്കുമോ; | (ബി) 10 വർഷങ്ങൾക്കു മുമ്പുള്ളവ 10 ഉം 5 വർഷം മുതൽ 10 വർഷം വരെയുള്ളവ 143 ഉം ആണ്. |
| (സി) പ്രസ്തുത വാഹനങ്ങൾ ലേലം ചെയ്തോ പിഴ ഒടുക്കിയോ സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്ന് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) പോലീസ് സ്റ്റേഷൻ കോമ്പൗണ്ടുകളിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളിൽ കേസിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ ഉടമസ്ഥരില്ലാത്തതുമായ വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേസിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ കോടതിയുടെ തീർപ്പ് കൽപ്പിച്ചാൽ മാത്രമെ നീക്കം ചെയ്യുവാൻ കഴിയുകയുള്ളു. |
| (ഡി) പോലീസ് കസ്റ്റഡിയിലെടുത്ത വാഹനങ്ങൾമൂലം പല സ്ഥലങ്ങളിലും ഗതാഗത തടസ്സം വരെ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) പോലീസ് കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ സ്ഥലപരിമിതി മൂലം ചില സ്ഥലങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ റോഡിൽ സൂക്ഷിക്കേണ്ട അവസ്ഥ സംജാതമാകുന്നുണ്ട്. പ്രസ്തുത സ്ഥലങ്ങളിലെ റോഡിൽ സ്ഥലപരിമിതിയും വാഹന ബാഹുല്യവും മൂലമുള്ള ഗതാഗതം സുഗമമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ലേലത്തിലൂടെയോ പിഴ ഒടുക്കിയോ വാഹനങ്ങൾ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കോട്ടയം ജില്ലയിലെ സ്റ്റേഷനുകളിൽ നിന്നും ഈ രീതിയിൽ എത്ര വാഹനങ്ങൾ ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ഇ) | 225 വാഹനങ്ങൾ |
| (എഫ്) | 2011 മേയ് മുതൽ 2012 മേയ് 31 വരെയുള്ള കാലയളവിൽ കോട്ടയം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങൾ പിടിച്ചെടുത്തു എന്നും അതിൽ എത്ര വാഹനങ്ങൾ വിട്ടു കൊടുത്തു എന്നും പിഴയായി എന്ത് തുക ലഭിച്ചു എന്നും വ്യക്തമാക്കാമോ ? | (എഫ്) | അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ 175 ഉം, വിട്ടുകൊടുത്തവ 119 ഉം ആണ്. പിഴയായി 1,37,500/- രൂപ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ